യുവജനമാർച്ചിനുനേരെ ലാത്തിച്ചാർജ്ജ്

54 (4489) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂലൈ 15-ന് എ.ഐ.വൈ.എഫ്-ന്റെ നേതൃത്വത്തിൽ നടത്തിയ യുവജനമാർച്ചിനുനേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിൽ എത്രപേർക്ക് പരിക്ക് പറ്റിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സമരവുമായി ബന്ധപ്പെട്ട് എത്രപേരുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവരുടെ പേരിൽ ചാർജ് ചെയ്തിട്ടുള്ള വകുപ്പുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) എ.ഐ.വൈ.എഫ്.-ന്റെ സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള നേതാക്കൾ പോലീസ് മർദ്ദനമേറ്റ് ആശുപത്രിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കുറ്റക്കാരായ പോലീസുകാരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തൊട്ടാകെ നടന്ന സമരത്തിൽ എത്രപേരുടെ പേരിൽ പോലീസ് കേസ് ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(എഫ്) സമരവുമായി ബന്ധപ്പെട്ട് അറസ്റ്റു ചെയ്ത് എത്രപേരെ ജയിലിൽ അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) തിരുവനന്തപുരത്ത് അറസ്റ്റുചെയ്ത സംസ്ഥാന ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ളവരെ എത്ര മണിക്കാണ് കോടതിയിൽ ഹാജരാക്കിയതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) തിരുവനന്തപുരത്തെ ലാത്തിച്ചാർജ്ജിൽ പോലീസ് ഏതുതരം ലാത്തിയാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 8 പേർക്ക് പരിക്ക് പറ്റി (തിരുവനന്തപുരം സിറ്റി—ജില്ലയിൽ)

(ബി) 500-ഓളം പേർക്കെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ സെക്ഷൻ 143, 147, 148, 149, 114, 115, 341, 323, 324, 332, 333, 307 ഐ.പി.സി. ആന്റ് സെക്ഷൻ 3(2) (ഇ) ഓഫ് പി.ഡി.പി.പി. ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എ.ഐ.വൈ.എഫ്. നേതാക്കൾ ആശുപത്രിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവരെ പോലീസ് മർദ്ദിച്ചതായി നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല.

(ഡി) ഉത്തരം സി-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) പോലീസ് കേസ് സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സിറ്റി

1. മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 214/2003-ൽ 500-ഓളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു.

കൊല്ലം

2. കൊല്ലം ഈസ്റ്റ് പി.എസ്. ക്രൈം 539/03-ൽ 100-ഓളം എ.ഐ.വൈ. എഫ്./സി.പി.ഐ. പ്രവർത്തകർക്കെതിരെയും,

3. കൊല്ലം ഈസ്റ്റ് പി.എസ്. ക്രൈം 540/03-ൽ 100-ഓളം എ.ഐ.വൈ. എഫ്./സി.പി.ഐ. പ്രവർത്തകർക്കെതിരെയും,

4. കൊല്ലം ഈസ്റ്റ് പി.എസ്. ക്രൈം 543/03-ൽ 50-ഓളം എ.ഐ.വൈ.എഫ്./ സി.പി.ഐ. പ്രവർത്തകർക്കെതിരെയും,

5. ഏരൂർ പി.എസ്.ക്രൈം 144/03-ൽ 10-ഓളം എ.ഐ.വൈ. എഫ്./ സി.പി.ഐ. പ്രവർത്തകർക്കെതിരെയും,

6. കൊല്ലം വെസ്റ്റ് പി.എസ്. ക്രൈം 146/03-ൽ 60-ഓളം എ.ഐ.വൈ. എഫ്./സി.പി.ഐ. പ്രവർത്തകർക്കെതിരെയും,

കോട്ടയം

7. കോട്ടയം ഈസ്റ്റ് പി.എസ്. ക്രൈം 315/03-ൽ 300-ഓളം എ.ഐ.വൈ.എഫ്. പ്രവർത്തകർക്കെതിരെയും,

ഇടുക്കി

8. ഇടുക്കി പി.എസ്.ക്രൈം 145/03-ൽ 17 എ.ഐ.വൈ.എഫ്./പ്രവർത്ത കർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു.

(എഫ്) 47 പേരെ അറസ്റ്റുചെയ്ത് കോടതി റിമാന്റ് ചെയ്തിട്ടുണ്ട്.

(ജി) 15-7-2003-ന് 23.45 മണിക്ക്.

(എച്ച്) മുളകുണ്ടുള്ള ലാത്തിയും ഫൈബർ ലാത്തിയുമാണ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരുടെ കൈവശം ഉണ്ടായിരുന്നത്.

കോളാവിരുദ്ധ സമരത്തിന്റെ ഭാഗമായി നടന്ന അക്രമസംഭവങ്ങൾ

55 (4490) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി മേഴ്സി രവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോളാവിരുദ്ധ സമരത്തിന്റെ ഭാഗമായി എവിടെയെല്ലാം അക്രമസംഭവങ്ങളുണ്ടായിയെന്ന് വ്യക്തമാക്കുമോ ;